മേൽപ്പറഞ്ഞ വിധത്തിൽ ടോൾ പിരിവ് ക്രമീകരിച്ചുകൊണ്ട് ബന്ധപ്പെട്ട ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്.

ടോൾ പിരിവിൽ നിന്നും ഒഴിവാക്കിയ പാലങ്ങൾ

48 (645) ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർമ്മാണച്ചെലവ് എത്ര രൂപവരെയുള്ള പാലങ്ങളിൽ നിന്നാണ് ഇപ്പോൾ ടോൾ പിരിച്ചെടുക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) കോഴിക്കോട് ജില്ലയിൽ ഏതെല്ലാം പാലങ്ങളെയാണ് ടോൾ പിരിവിൽ നിന്നും ഒഴിവാക്കിയതെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) നിർമ്മാണച്ചെലവ് 100 ലക്ഷം രൂപയിൽ കൂടുതൽ വരുന്ന പാലങ്ങളിൽ നിന്നാണ് ഇപ്പോൾ ടോൾ പിരിക്കുന്നത്.

(ബി) 1. ചെറുകുളം പാലം

2. കത്തറമ്മിൽക്കടവ് പാലം

3. ചെറുവറ്റക്കടവ് പാലം

4. ചാനിയം കടവ് പാലം

5. പണ്ഡാരപറമ്പ് കടവ് പാലം

6. താനിക്കണ്ടി പാലം

7. കോവിലകത്ത് കടവ് പാലം

8. കല്ലിത്താൻ കടവ് പാലം

കുനീക്കടവ് പാലത്തിന്റെ നിർമ്മാണം

49 (646) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ അത്തോളി പുഴയ്ക്ക് കുനീക്കടവിൽ പണിതു കൊണ്ടിരിക്കുന്ന പാലത്തിന്റെ പണി എത്രശതമാനം പൂർത്തിയാക്കിക്കഴിഞ്ഞു എന്ന് വെളിപ്പെടുത്താമോ ;

(ബി) ഈ പാലത്തിന്റെ എസ്റ്റിമേറ്റ് തുക എത്രയാണെന്നും ഇപ്പോൾ എത്ര സംഖ്യ കൊടുത്തുകഴിഞ്ഞുവെന്നും വെളിപ്പെടുത്താമോ ;

(സി) ഈ പാലത്തിന്റെ എസ്റ്റിമേറ്റ് പുതുക്കുന്നതിനുള്ള നിർദ്ദേശം ഡിപ്പാർട്ടുമെന്റിന്റെ പരിഗണനയിലുണ്ടോ ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച നടപടികളുടെ വിശദവിവരം അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ നിർദ്ദേശം സംബന്ധിച്ച തീരുമാനം എടുക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 95 ശതമാനം പണി പൂർത്തിയായിട്ടുണ്ട്.

(ബി) എസ്റ്റിമേറ്റ് തുക - 295 ലക്ഷം രൂപ. റിവൈസ്ഡ് എസ്റ്റിമേറ്റ് തുക 513 ലക്ഷം രൂപ 450.51 ലക്ഷം രൂപ കൊടുത്തു കഴിഞ്ഞു.

(സി&ഡി) പുതുക്കിയ ഭരണാനുമതിക്കുള്ള നടപടി സ്വീകരിച്ചു വരുന്നു.

കാര്യാട്ടുകടവ് പാലം, പെരുന്തുരുത്തിക്കടവ് പാലം എന്നിവയുടെ പ്രവർത്തന പുരോഗതി

50 (647) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യത്തിന് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മലപ്പുറം ജില്ലയിലെ കാര്യാട്ടുകടവ് പാലം, പെരുന്തുരുത്തിക്കടവ് പാലം എന്നിവയുടെ പ്രവർത്തന പുരോഗതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

കാര്യാട്ടു കടവ് പാലം പഞ്ചായത്ത് റോഡിൽ ആയതിനാൽ അവിടെ പാലം നിർമ്മിക്കുന്നതു സംബന്ധിച്ച കാര്യം തദ്ദേശഭരണ വകുപ്പാണ് തീരുമാനിക്കേണ്ടത്. പെരുന്തുരുത്തി കടവിൽ നടപ്പാലം പണിയുന്നതിന് 240 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ട്.

തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ

51 (648) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ ഏതൊക്കെ പാലങ്ങളുടെ ഇൻവെസ്റ്റിഗേഷനാണ് എൽ. ബി. എസ്.-നെ ഏൽപ്പിച്ചിട്ടുള്ളത് ;

(ബി) ഇവയുടെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ടോ ;

(സി) ഇൻവെൻസ്റ്റിഗേഷൻ പ്രവർത്തനങ്ങളുടെ ഇപ്പോഴത്തെ അവസ്ഥയെന്താണ് ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ എൽ. ബി. എസി. നെ ഏൽപ്പിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly